സിലിക്കൈറ്റ്, മോണോസൈറ്റ്, റെയർ എർത്തുകൾ എന്നിവ ഉല്പാദിപ്പിക്കുന്നു. ആലുവ ആസ്ഥാനമായുള്ള സി.എം.ആർ.എൽ. എന്ന സ്വകാര്യ സ്ഥാപനം ഇൽമനൈറ്റിൽ നിന്നും സിന്തറ്റിക് റൂട്ടൈൽ ഉല്പാദിപ്പിക്കുന്നുണ്ട്.

(ഡി) ഇന്ത്യയിൽ ഇതുവരെ ടൈറ്റാനിയം വേർതിരിച്ചെടുക്കാനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തില്ല എന്നാണ് റിപ്പോർട്ട്.

ഗ്രാനൈറ്റ് ക്വാറികളുടെ നിലവിലുള്ള റോയൽറ്റി

23 [4883] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാനൈറ്റ് ക്വാറികളുടെ നിലവിലുള്ള റോയൽറ്റി കുറയ്ക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) റോയൽറ്റി കുറയ്ക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം ഉണ്ടോ;

(സി) എങ്കിൽ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകിയത് എന്നാണ്; നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ റോയൽറ്റി കേരളം ഈടാക്കുന്നതിനേക്കാൾ വളരെ കുറവാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) റോയൽറ്റി കൂടുതലായതുകൊണ്ട് നൂറ് കണക്കിന് ക്വാറികൾ പൂട്ടിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കേരളത്തിൽ ലൈസൻസ് നൽകിയ ക്വാറികൾ എത്ര;

(ജി) ഇപ്പോൾ പ്രവർത്തിക്കുന്നവ എത്ര;

(എച്ച്) ഗ്രാനൈറ്റ് വ്യവസായം സംരക്ഷിക്കുന്നതിനും കേരളത്തിൽ നിലവിലുള്ള റോയൽറ്റി കുറയ്ക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ള റോയൽറ്റി നിരക്കുമായി താരതമ്യപ്പെടുത്തി ഗ്രാനൈറ്റ് വ്യവസായത്തിന്റെ വികസനം മുന്നിൽ കണ്ടുകൊണ്ട് സംസ്ഥാനത്ത് റോയൽറ്റി നിരക്കുകൾ കുറയ്ക്കുന്നതിനുള്ള നിർദ്ദേശമാണ് പരിഗണനയിലുള്ളത്.

(ബി) രാജ്യത്ത് ഗ്രാനൈറ്റിന്റെ റോയൽറ്റി ഏകീകരിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്രസർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റോയൽറ്റി കുറച്ച് മറ്റു സംസ്ഥാനങ്ങളുടെ നിരക്കുമായി ഏകീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിഗണനയിലാണ്. അന്തിമ തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഇ) റോയൽറ്റി കൂടുതലാണ് എന്നതുകൊണ്ട് മാത്രമല്ല ക്വാറികൾ നിറുത്തുന്നത്.

(എഫ്) 77 എണ്ണം.

(ജി) 11.

(എച്ച്) നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

ലൈസൻസ് നൽകിയിട്ടുള്ള ക്വാറികൾ

24 [4884] ശ്രീ. കെ. പി. മോഹനൻ:
,, സി. കെ. നാണു:
,, എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്വാറികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലൈസൻസ് ഇല്ലാത്ത ക്വാറികൾ നടത്തുന്നവർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും 2002-2003 വർഷം സംസ്ഥാനത്ത് ആകെ 325 ക്വാറിയിംഗ് ലീസുകളും 1588 ക്വാറിയിംഗ് പെർമിറ്റുകളും അടക്കം 1913 മൈനർ മിനറൽ കൺസഷനുകൾ നൽകിയിട്ടുണ്ട്.

(ബി)

തിരുവനന്തപുരം	..	172
കൊല്ലം	..	35
പത്തനംതിട്ട	..	127
കോട്ടയം	..	252
ഇടുക്കി	..	83
ആലപ്പുഴ	..	33
എറണാകുളം	..	120

LIBRARY ARCHIVES Kerala Legislative Assembly